ഇവ താഴെ പറയും പ്രകാരമാണ്:-

2003-ൽ ഫയൽ ചെയ്ത കേസുകൾ	..	38, 908
1999 മുതൽ 2002 വരെ ഫയൽ ചെയ്ത കേസുകൾ	..	98, 948
1994 മുതൽ 1998 വരെ ഫയൽ ചെയ്ത കേസുകൾ	..	15, 812
1994-നും മുമ്പ് ഫയൽ ചെയ്ത കേസുകൾ	..	1, 60

(സി) നഷ്ടപരിഹാരത്തുക എത്രയും വേഗം ലഭിക്കുവാനുള്ള നടപടികളെടുത്തുവരുന്നു. ട്രൈബ്യൂണലുകളിലെ തീർപ്പാക്കൽ കൂടാതെ ഉടമ്പടികളും കൃത്യമായി ഇക്കാര്യത്തിൽ നടത്തുന്നുണ്ട്. കേസുകളുടെ തീർപ്പിനായി രണ്ടാം ശനിയാഴ്ചകളിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്.

മഞ്ചേരി കുടുംബകോടതി

89 [1564] ശ്രീ. ഇസ്ഹാക്ക്കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരിയിൽ സ്വതന്ത്രമായ സ്ഥലത്ത് പ്രവർത്തിക്കുന്ന കുടുംബകോടതി ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേരിയിൽ തന്നെ നിലനിർത്തുമോ?

ഉത്തരം

മഞ്ചേരിയിൽ സൗകര്യപ്രദമായ കെട്ടിടം ലഭ്യമാക്കിയാൽ കുടുംബകോടതി മഞ്ചേരിയിൽ തന്നെ തുടർന്നുകൂടേ എന്നതു സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കോടതികളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കാൻ നടപടി

90 [1565] ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മജിസ്ട്രേറ്റ് കോടതികളിലും മുൻസിഫ് കോടതികളിലും ഫോട്ടോസ്റ്റാറ്റ് മെഷീൻ ഇല്ലാത്തതിനാൽ കക്ഷികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോടതികളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഹൈക്കോടതിയിലെ ഡബ്ള്യൂ പി(സി) 19618/03 നമ്പർ കേസ്സിൽ 24-11-03-ൽ പുറപ്പെടുവിച്ച ഉത്തരവിൽ കോടതി വളപ്പിൽ അനുയോജ്യമായ സ്ഥലത്ത് സ്വകാര്യ വ്യക്തികൾക്ക് ഫോട്ടോകോപ്പി മെഷീൻ സ്ഥാപിക്കാൻ അനുമതി നൽകുന്നതിനു ജുഡിഷ്യൽ ഓഫീസർമാർക്ക് അനുവാദം നൽകണമെന്ന് ഉത്തരവായി.

(സി) 17-12-2003-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ. റ്റി.) 2442/03/ആഭ്യന്തരം 19-12-2003-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ.റ്റി.)നം. 2447/03/ആഭ്യന്തരം 30-1-04-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ. റ്റി.)നം. 286/04/ആഭ്യന്തരം എന്നിവ പ്രകാരം സംസ്ഥാനത്തെ കോടതികളിൽ സ്വകാര്യ വ്യക്തികൾക്ക് ഫോട്ടോ കോപ്പി മെഷീൻ സ്ഥാപിക്കുന്നതിനു അനുമതി നൽകാൻ ജുഡിഷ്യൽ ഓഫീസർമാർക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇതിനുള്ള സീലിംഗ് നിരക്ക് 35 പൈസയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ട കേസ്സുകളിൽ സീലിംഗ് നിരക്ക് ഹൈക്കോടതി രജിസ്ട്രാറുടെ അംഗീകാരത്തോടെ വർദ്ധിപ്പിക്കാനും ഉത്തരവായിട്ടുണ്ട്.

ഫയർ സ്റ്റേഷനുകളും അവയുടെ പ്രവർത്തനവും

91 [1566] ശ്രീ. കോവൂർ കുഞ്ഞുമോൻ :
" എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം സ്ഥലങ്ങളിൽ എത്രകാലയളവിനുള്ളിൽ ആരംഭിക്കുമെന്നും വെളിപ്പെടുത്തുമോ;

(ബി) ഫയർ സ്റ്റേഷനുകളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയതിനുവേണ്ടി എന്തു തുക ചെലവിട്ടു എന്നും വ്യക്തമാക്കുമോ;

(സി) സാഹസികമായ ജോലിയിൽ ഏർപ്പെടുന്ന ഫയർമാന്റെ റിസ്ക് അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly